LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളിലെ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ ഒഴിവുകൾ

40 (2278) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോതമംഗലം നിയോജക മണ്ഡലത്തിലെ വൈദ്യുതി വിതരണം സുഗമമായി നടക്കുന്നതിനും പുതിയ കണക്ഷനുൾപ്പെടെ ഉള്ള ജോലികൾ യഥാസമയം നിർവ്വഹിക്കുന്നതിനും ഈ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഒഴിവുള്ള മസ്ദൂർ, ലൈൻമാൻ, ഓവർസിയർ എന്നീ തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കോതമംഗലം നിയോജക മണ്ഡലത്തിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളായ കുറുപ്പംപടി, കോതമംഗലം I, കോതമംഗലം II, കീരംപാറ എന്നിവയിൽ മസ്ദൂർ ഒഴിവുകൾ ഒന്നും നിലവിലില്ല. ഒഴിവുള്ള 2 ഓവർസിയർ, 2 ലൈൻമാൻ തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി - കുതിരപ്പാണ്ടി റോഡിൽ തെരുവു വിളക്ക്

41 (2279) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് ഗ്രാമപഞ്ചായത്തിലെ വൈത്തിരി - കുതിരപ്പാണ്ടി റോഡിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതുഘട്ടം വരെയെത്തി എന്ന് വ്യക്തമാക്കുമോ ;

(സി) വന്യമൃഗശല്യം രൂക്ഷമായ ഈ റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് ഇതുവരെ ബോർഡിന് സമർപ്പിച്ചിട്ടില്ല.

(സി) അപേക്ഷ ലഭിച്ചതിനുശേഷം ബോർഡ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.